(ബി) സംസ്ഥാനത്ത് ബന്ദുകളും ഹർത്താലുകളും നിരോധിക്കുന്നത് സംബന്ധിച്ച് പ്രസ്തുത കരട് ബില്ലിൽ എന്തൊക്കെ വ്യവസ്ഥകളാണ് പ്രധാനമായും ഉൾപ്പെടുത്തിയിരുന്നത് ;

(സി) സംസ്ഥാനത്ത് നടക്കുന്ന ബന്ദും ഹർത്താലും സാധാരണക്കാരെയാണ് കൂടുതൽ ബാധിക്കുന്നത് എന്നതുകൊണ്ട് അവ പൂർണ്ണമായും നിരോധിക്കണമെന്ന വ്യവസ്ഥ പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഹർത്താലും, ബന്ദും നടക്കുമ്പോൾ, നാശനഷ്ടങ്ങൾ ഉണ്ടായാൽ, ബന്ധപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച് ബില്ലിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഉള്ളത് ;

(ഇ) പ്രസ്തുത ബിൽ നടപ്പ് നിയമസഭയിൽ അവതരിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി)-(ഇ) കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിശോധനയിലാണ്.

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ

12 (*672) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. എൻ. രാജൻ :
ശ്രീ. കെ. രാജു :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വകുപ്പിന്റെ കീഴിൽ എത്ര വിജോറട്ടറികളുണ്ട് ; ഈ വിജോറട്ടറികളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തുള്ള ധാതു സമ്പത്തിനെക്കുറിച്ച് വിശദമായ ഒരു സർവ്വേ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ സർവ്വേയുടെ വെളിച്ചത്തിൽ ധാതുസമ്പത്തിന്റെ മൂല്യ വർദ്ധന ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) സംസ്ഥാനത്തെ ധനിജാധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ചയും വികസനവും വീക്ഷ്യമിട്ടുകൊണ്ട് വിശദമായ ധാതുപര്യവേഷണങ്ങൾ നടത്തുക, 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡവലപ്മെന്റ് ആന്റ് റഗുലേഷൻ) ആക്ടും 1960-ലെ മിനറൽ കൺസഷൻ ചട്ടങ്ങളും, 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളും മുഖേന വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് ധനിജങ്ങളുടെ ഖനനപ്രവർത്തനത്തെ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുക എന്നീ ദ്വിമുഖ ചുമതലകളാണ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളത്.

(ബി) ഈ വകുപ്പിന്റെ കീഴിൽ മൂന്ന് ലബോറട്ടറികൾ ഉണ്ട്.

1. രാസപരിശോധനാ ലബോറട്ടറി- ഇവിടെ ധാതുക്കളുടെ രാസപരിശോധനയിൽ ധാതുക്കൾ നിർണ്ണയിക്കുകയും വ്യാവസായിക ഗുണനിലവാരം നിശ്ചയിക്കുകയും ചെയ്യുന്നു.

2. മിനറലോളജി & ജെം ടെക്സ്റ്റിംഗ് ലാബ്- ഇവിടെ ധാതുക്കളുടെ തിൻസെക്ഷൻസ് പഠനം നടത്തി ധാതു നിർണ്ണയിക്കുന്നു. കൂടാതെ രത്നക്കല്ലുകൾ പരിശോധിച്ചു അവയ്ക്ക് സർട്ടിഫിക്കറ്റ് നൽകുന്നു.

3. ജി.ഐ.എസ്. ലബോറട്ടറി- ഇവിടെ ധാതുപര്യവേക്ഷണങ്ങളിൽ നിന്നും ലഭിക്കുന്ന ഡാറ്റ (data) വിശകലനം ചെയ്യുന്നതിനും, ഇവ ഭൂപടമാപ്പുകൾ തയ്യാറാക്കുന്നതിനും തദ്വാര പര്യവേക്ഷണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ഉപയോഗപ്പെടുത്തുന്നു.

വകുപ്പിൽ നടന്നുവരുന്ന വിവിധ ധാതുപര്യവേക്ഷണ പ്രവർത്തനങ്ങളുടെ അനുബന്ധപ്രവർത്തനങ്ങളാണ് ഈ മൂന്ന് ലബോറട്ടറികളിലും നടന്നുവരുന്നത്.

(സി) നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തുള്ള ധാതു സമ്പത്തിനെക്കുറിച്ച് വിശദമായ സർവ്വേകൾ വർഷങ്ങളായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നടന്നുവരുന്നു. മുന്ന് കേരള മിനറൽ എക്സ്പ്ലോറേഷൻ ആന്റ് ഡവലപ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി വൻകിട ധാതുക്കളുടെ പര്യവേഷണം നടത്തുകയുണ്ടായി. പ്രസ്തുത പര്യവേഷണ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്ത് ലൈംസ്റ്റോൺ, ഫൈനാക്ലേ, ലൈം ഷെൽ, ബോക്സൈറ്റ്, ഗ്രാഫൈറ്റ്, സിലിക്കാ മണൽ, മുതലായ ധാതുസമ്പത്തുക്കൾ കണ്ടുപിടിക്കുകയും ആയത് ഇപ്പോൾ ഖനനം നടത്തുകയും ടി ധാതുക്കൾ മൂല്യവർദ്ധന നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ചെറുകിട ധാതുക്കളായ കളിമണ്ണ്, മണൽ, കരിങ്കല്ല്, അലങ്കാര വിതാനശിലകൾ എന്നിവ സർവ്വേയിലൂടെ കണ്ടെത്തുകയും ആയത് എം-സാന്റ്, മെറ്റൽ, ഇഷ്ടിക, ഓട്, കളിമൺപാത്രങ്ങൾ എന്നിവകളുടെ രൂപത്തിൽ മൂല്യ വർദ്ധന നടത്തുകയും ചെയ്യുന്നുണ്ട്. സിലിക്കാ മണൽ ഖനനാനുമതിക്കായി അപേക്ഷിക്കുമ്പോൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ ഉണ്ടായിരിക്കണമെന്ന് ഉറപ്പുവരുത്തണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly